**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2615** **22-01-2021 - ൽ മറുപടിയ്ക്ക്**

**വാത്സല്യനിധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി പി. അയിഷാ പോറ്റി,<br>ശ്രീ കെ. കുഞ്ഞിരാമൻ,<br>ശ്രീ യു. ആർ. പ്രദീപ്,<br>ശ്രീ. ആർ.രാജേഷ്** | | **Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി വികസന വകുപ്പും, എൽ.ഐ.സി.ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000/- രൂപ നാല് ഗഡുക്കളാക്കി താഴെ പറയുന്ന പ്രകാരം പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000/- രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 01.04.2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്കാണ് അർഹത. മാനദണ്ഡങ്ങൾ നിക്ഷേപ തുക പ്രീമിയം 1. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം. 2. ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. 39,000/- I 1. പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം. 2. പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എടുത്തിരിക്കണം. 36,000/- II അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ്സ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിരിക്കണം. 33,000/- III പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുകയും വേണം. പത്താം തരം പാസായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം. 30,000/- IV |
| (ബി) | പട്ടികജാതി പെൺകുട്ടികൾക്കായി പട്ടികജാതി വികസനവകുപ്പും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി വാത്സല്യനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഇതിനായി എത്ര തുക സർക്കാർ എൽ.ഐ.സി. യിൽ നിക്ഷേപിച്ചിട്ടുണ്ട്; | (സി) | ആകെ 12121 കുട്ടികൾക്ക് ഇൻഷുറൻസ് പ്രീമിയത്തിന്റെ ആദ്യ ഗഡു തുകയായ 39,000/- രൂപ നിരക്കിൽ 47,27,19,000/- രൂപ എൽ.ഐ.സി.യി.ൽ നിക്ഷേപിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ എത്രപേർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും കൂടുതൽ പേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ 12121 കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വാത്സല്യ നിധി പദ്ധതി മാനദണ്ഡപ്രകാരം അർഹതയുള്ള എല്ലാ പട്ടികജാതി പെൺകുട്ടികളെയും പദ്ധതിയുടെ ഭാഗമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ ചേരുന്നതിന് പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ